# MALAYALA MANORAMA

**Wellness tourism: Tourists ready to visit**

**Date :** 19.6.2020 | **Edition : All Kerala** | **Page :** 10 | **Clip size (cm) : W:** 17 **H:** 5

---

## സൗഖ്യ ടൂറിസം: വരാൻ സഞ്ചാരികൾ റെഡി

**പി.കിഷോർ**

കൊച്ചി● കോവിഡ് സൃഷ്ടിച്ച മാന്ദ്യത്തിന് ഇടയിലും മഴക്കാലം തുടങ്ങിയതോടെ സൗഖ്യ ടൂറിസം രംഗം ഉണരുന്നു. ആയുർവേദ സൗഖ്യ (വെൽനെസ്) ചികിത്സകൾക്ക് ഇന്ത്യയ്ക്കകത്തും വിദേശത്തും നിന്നു സഞ്ചാരികൾ വരാൻ തയാറാണ്. യൂറോപ്യൻ വിനോദ സഞ്ചാരികളും മുംബൈ, ചെന്നൈ, ബെംഗളൂരു തുടങ്ങിയ നഗരങ്ങളിലെ കോർപറേറ്റ് രംഗത്തു നിന്നുള്ളവരും തമിഴ്, ഹിന്ദി സിനിമാ താരങ്ങളും 'ഹെൽത്തി ഹോളിഡേ'യ്ക്കു വരാൻ അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

എന്നാൽ 2 പ്രശ്നങ്ങളാണ് ഈ രംഗത്തെ അലട്ടുന്നത്. 1. സൗഖ്യ ചികിത്സയിൽ തിരുമൽ ആവശ്യമായതിനാൽ സാമൂഹിക അകലം പാലിക്കാൻ കഴിയില്ല. 2. വരുന്ന അതിഥികൾക്ക് കോവിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ് എന്ന് ഉറപ്പാക്കുകയും വേണം.

തെറപ്പിസ്റ്റുകളെ പുറത്തുവിടാതെ ക്വാറന്റീൻ പോലെ റിസോർട്ടിൽ തന്നെ താമസിപ്പിക്കുക തുടങ്ങിയ വ്യവസ്ഥകളുള്ള പ്രോട്ടോക്കോൾ (എസ്ഒപി) തയാറാക്കി ആയുർവേദ ടൂറിസം പ്രമോഷൻ സൊസൈറ്റി അംഗീകാരത്തിനായി ടൂറിസം വകുപ്പിനു സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന് ഇതു കൈമാറിയെന്നും മറുപടി കിട്ടിയാലുടൻ സൗഖ്യ ചികിത്സ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുമെന്നും ടൂറിസം ഡയറക്ടർ അറിയിച്ചു.